**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4694** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചി ഉത്പന്നങ്ങളുടെ വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇറച്ചിക്കോഴികളുടേയും മറ്റ് ഇതര മാംസ വസ്തുക്കളുടേയും വിലയിൽ കോവിഡ് കാലത്തുണ്ടായ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്ത് കോവിഡ് കാലത്ത് ഇറച്ചിക്കോഴി- കളുടെയും മറ്റ് ഇതര മാംസവസ്തുക്കളുടെയും വിലവർദ്ധന ഉണ്ടായിട്ടുള്ളതാണ്. കോഴിത്തീറ്റയുടെ വില വർദ്ധനവാണ് ഇറച്ചിക്കോഴികളുടെ വില അമിതമായി വർദ്ധിക്കുന്നതിന് പ്രധാന കാരണം. അടുത്ത കാലത്ത് കിലോയ്ക്ക് 30 രൂപ നിരക്കിൽ ലഭിച്ചിരുന്ന കോഴിത്തീറ്റ ഇപ്പോൾ 47 - 51 രൂപ വരെ ഉയർന്നിട്ടുണ്ട്. തത്ഫലമായി കേരളത്തിലെ മിക്ക കർഷകരും ഇറച്ചിക്കോഴി വളർത്തൽ ഉപേക്ഷിച്ചു. അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് ഇപ്പോൾ ഇറച്ചിക്കോഴികളും കോഴിത്തീറ്റയും എത്തിച്ചേരുന്നത്. അയൽ സംസ്ഥാനങ്ങളിൽ കോഴിത്തീറ്റയ്ക്ക് വില കുറവാണ്. എന്നാൽ ലാഭം മുൻ നിർത്തി അന്യ സംസ്ഥാന കച്ചവടക്കാർ ഇറച്ചിക്കോഴികളുടെ വില വൻ തോതിൽ വർദ്ധിപ്പിക്കുന്നു. തത്ഫലമായി കോവിഡ് കാലത്ത് കോഴിയിറച്ചിയുടെ വില പൊതു വിപണിയിൽ 240 - 250 രൂപ വരെ ഉയർന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാംസ ഉത്പന്നങ്ങളുടെ സംസ്ഥാനത്തെ ദൈനംദിന ഉപയോഗവും ഉത്പാദനവും എത്രയെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവ് എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മാംസ ഉത്പന്നങ്ങളുടെ ഉപഭോഗം / ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2020-21ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മാംസത്തിന്റെ വാർഷിക ഉല്പാദനം 448392 മെട്രിക് ടൺ ആണ്. ആയത് പ്രകാരം സംസ്ഥാനത്തെ പ്രതിദിന ഉത്പാദനം 1228.47മെട്രിക് ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന മൃഗങ്ങളെ കശാപ്പ് ചെയ്തതിൽ നിന്ന് ഉൽപ്പാദിപ്പിച്ച മാംസം ഉൾപ്പെടെയുള്ള കണക്കാണിത്. സംസ്ഥാനത്ത് സെയിൽ ടാക്സ് ചെക്ക്പോസ്റ്റ് നിർത്തലാക്കിയ ശേഷം റിൻഡർ പെസ്റ്റ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ രേഖപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | മൃഗങ്ങളുടെ ഇറക്കുമതി കണക്കുകളും, സംസ്ഥാനത്തെ മൊത്ത കച്ചവടക്കാരിൽ നിന്നുള്ള കണക്കുകളും പ്രകാരമാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി കണക്കാക്കുന്നത്. ആയത് പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത മൃഗങ്ങളിൽ നിന്നും ഇവിടെ ഉത്പാദിപ്പിച്ച മാംസം 2020-21 വർഷം 206109 മെട്രിക് ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | ഇത്തരം മാംസ വിപണനത്തിന് ഒരു ഏകീകൃതവില നടപ്പാക്കി ആയത് പ്രകാരം വിപണനം ഉറപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് മാംസ വിപണനത്തിന് ഒരു ഏകീകൃത വിപണന സംവിധാനം നിലവിൽ ഇല്ല. എന്നാൽ MPI (Meat Products of India) കൂത്താട്ടുകുളം, KSPDC (Kerala State Poultry Development Corporation, Tvm) എന്നീ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾക്ക് ഒരു നിശ്ചിത വില തീരുമാനിച്ച് വിപണനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ